# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക് - പാറശ്ശാല**

**ഗ്രാമപഞ്ചായത്ത്- തിരുപുറം**

**വാർഡ്- പുറുത്തിവിള(14)**

ഗ്രാമസഭ തീയതി - 26/10/2019

സമയം - 10:30 am

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ തൊഴിലില്ലായ്മ വേതനത്തിനു അർഹതയുണ്ടായിരിക്കും.

അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമൊ ഉറപ്പായും ഉറപ്പുവരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത്പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു.

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരുപ്പട്ടി നിർമ്മാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## തിരുപുറം പഞ്ചായത്ത്

1953 ലാണ് തിരുപുറം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല ബ്ലോക്കിൽ ഒരു കാർഷിക പ്രദേശമാണ് തിരുപുറം ഗ്രാമപഞ്ചായത്ത്. തിരുപുറം ഗ്രാമപഞ്ചായത്ത്. കൃഷിക്കും മറ്റ് ചെറുകിട വ്യവസായങ്ങൾക്കും പഞ്ചായത്ത് പ്രാമുഖ്യം നൽകുന്നുണ്ട്.

തിരുപുറം ഗ്രാമപഞ്ചായത്തിന്റെ വടക്ക് അതിയന്നൂർ ഗ്രാമപഞ്ചായത്തും, നെയ്യാറ്റിൻകര മുന്സിപ്പാലിറ്റിയും, പടിഞ്ഞാറ് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തും, കിഴക്ക് നെയ്യാർ അതിർത്തികളായ ഒരു സമതല പ്രദേശമാണ്.

**അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| ജില്ല | - തിരുവനന്തപുരം |
| താലൂക്ക് | - നെയ്യാറ്റിൻകര |
| ബ്ലോക്ക് | - പാറശ്ശാല |

വില്ലേജ് - തിരുപുറം

വിസ്തീർണ്ണം - 8.57 ച. സെമി

ജനസംഖ്യ -18577

വാർഡുകളുടെ എണ്ണം -14

**അതിരുകൾ**

കിഴക്ക് - നെയ്യാർ

പടിഞ്ഞാറ് - കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

തെക്ക് - അറബിക്കടൽ

വടക്ക് - അതിയന്നൂർ ഗ്രാമപഞ്ചായത്ത്

## <u>രീതിശാസ്ത്രം</u>

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ്പേഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ തിരുപുറം ഗ്രാമപഞ്ചായത്ത് വാർഡ് 14 ൽ (പുറുത്തിവിള) സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഈ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 14 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

## <u>സോഷ്യൽ ഓഡിറ്റ്</u>

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്.

ഗ്രാമസഭകളാണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സാധന രജിസ്റ്റർ
6. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
7. പരാതി രജിസ്റ്റർ

## 7 രെജിസ്റ്റെഴ്സ് പരിശോധന വിശദാംശങ്ങൾ

1. **JOB CARD REGISTER (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)**

   - 257 തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപെടുത്തിയിട്ടുണ്ട്
   - അതിൽ 93 തൊഴിലാളികളുടെ ഫോട്ടോ മറ്റ് വിശദാംശങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2. **GRAMASABHA REGISTER (ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)**

   - 2019-20 സാമ്പത്തിക വർഷത്തെ ആക്ഷൻ രൂപീകരണവുമായി ബന്ധപെട്ട ഗ്രാമസഭ 30/11/2018 ൽ കൂടിയതായി രെഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്ട്സ് പൂർണമല്ല.

3. **DEMAND REGISTER, PAYMENT OF ALLOCATION OF WORK(തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ)**

   - ഡിമാന്റ് രജിസ്റ്റർ ഉണ്ടായിരുന്നില്ല

4. **WORK REGISTER (പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)**

   - 168 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

5. **MATERIAL REGISTER(സാധന രജിസ്റ്റർ)**

   - 93 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

- സിറ്റിസൺ ഇൻഫർമെഷൻ ബൊർഡിന്റെ വിശദാംശങ്ങളൊടൊപ്പം പ്രവർത്തിയുമായി ബന്ധപ്പെട്ട മറ്റ് സാധന സാമഗ്രികളുടെ രെഖപ്പെടുത്തലും കാണാൻ സാധിച്ചു.

## 6. FIXED ASSET REGISTER(സ്ഥിതി ആസ്തികളുടെ രജിസ്റ്റർ)

- 2018-19 വരെ പൂർത്തിയായ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ട്.
- ക്രമനമ്പറുകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ല.

## 7. COMPLAINT REGISTER(പരാതി രജിസ്റ്റർ)

- 01/12/18 ൽ രജിസ്റ്റർ ചെയ്ത് ഒരു പരാതി മാത്രമാണ് ഉണ്ടായിരുന്നത്
- ഇതിൽ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്**

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ  അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മസ്റ്ററോൾ കോപ്പി

11) മെഷർമെൻറ് ബുക്കിന്റെ  കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ  രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ  കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ  ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ്  ഡയറി

# <u>പ്രവർത്തികൾ</u>

| ക്രമ നം | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി അവസാനിച്ച തീയതി | ചിലവഴിച്ച തുക |
|---|---|---|---|---|---|
| 1. | ചാനൽ നവീകരണം | IC/320511 | 12/12/2018 | 27/04/2019 | 106628 |
| 2. | ഫലവൃക്ഷ തൈ നടീലും പരിപാലനവും | DP/ 260961 | 22/01/2019 | ഓൺഗോയിങ് | 19882 |
| 3. | ഫാം പോണ്ട് നിർമ്മാണം | IF/370804 | 09/11/2018 | 30/11/2018 | 7297 |
| 4. | ഫാം പോണ്ട് നിർമ്മാണം | IF/295984 | 31/10/2018 | 12/11/2018 | 6168 |
| 5. | ഫാം പോണ്ട് നിർമ്മാണം | IF/370699 | 09/11/2018 | 03/12/2018 | 7828 |
| 6. | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/274044 | 14/11/2018 | ഓൺഗോയിങ് | 30753 |
| 7. | മണ്ണ് ജല സംരക്ഷണം | WC/338149 | 02/02/2019 | 28/03/2019 | 107084 |
| 8. | മണ്ണ് ജല സംരക്ഷണം | WC/338909 | 25/02/2019 | ഓൺഗോയിങ് | 86156 |
| 9. | മണ്ണ് ജല സംരക്ഷണം | WC/337654 | 30/01/2019 | ഓൺഗോയിങ് | 210452 |

| | | | | | |
|---|---|---|---|---|---|
| **10.** | മണ്ണ് ജല സംരക്ഷണം | WC/338907 | 01/03/2019 | ഓൺഗോയിങ് | 34978 |
| **11.** | മണ്ണ് ജല സംരക്ഷണം | WC/337560 | 02/02/2019 | ഓൺഗോയിങ് | 94517 |
| **12.** | മണ്ണ് ജല സംരക്ഷണം | WC/337788 | 25/01/2019 | ഓൺഗോയിങ് | 120103 |
| **13.** | മണ്ണ് ജല സംരക്ഷണം | WC/338903 | 25/02/2019 | ഓൺഗോയിങ് | 78453 |
| **14.** | മണ്ണ് ജല സംരക്ഷണം | WC/340195 | 23/02/2019 | ഓൺഗോയിങ് | 39462 |
| **15.** | ഫലവൃക്ഷ ചെടി നടീലും പരിപാലനവും | DP/274045 | 06/12/2018 | ഓൺഗോയിങ് | 34002 |

## <u>ലൈഫ് ഭവന നിർമ്മാണ പദ്ധതി</u>

| **ക്രമ. നമ്പർ** | **ഗുണഭോക്തതാവിന്റെ പേര്** | **വർക്ക് കോഡ്** |
|---|---|---|
| 1. | ഫിലോമിന | IF/359238 |
| 2. | പുഷ്പമേരി | IF/ 359227 |
| 3. | നേശയ്യൻ | IF/ 368906 |
| 4. | നിർമല | IF/ 359239 |
| 5. | ബേബി | IF/ 359223 |

| | | |
|---|---|---|
| 6. | അജു | IF / 359246 |
| 7. | മേരി | IF/359241 |
| 8. | മോനിഷ | IF/ 357052 |
| 9. | മേരി | IF/ 359248 |
| 10. | സുമംഗല | IF/ 359248 |

## ഫയൽ പരിശോധന വിശദംശങ്ങൾ

- ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഓരോ വെക്തികളുടെയും അപേക്ഷാഫോം ഫൈലിൽ കാണാൻ കഴിഞ്ഞു.
- നിയമാനുസൃതമായ രേഖകളിൽ മതിയായ രേഖപെടുത്തലുകൾ കാണാൻ കഴിഞ്ഞു.
- ഗുണഭോക്താക്കളുടെയും കുടുംബാംഗങ്ങളുടെയും ആധാർ, റേഷൻ കാർഡ്, പാസ്സ്ബുക്കിന്റെ കോപ്പി എന്നിവ കൃത്യമായി ഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.
- നൽകിയിട്ടുള്ള മസ്റ്റ്റൊളിൽ രേഖപ്പെടുത്തലുകൾ പൂർണമാണ്
- വീട് പണിയുന്നതിന്റെ ഘട്ടം ഘട്ടമായുള്ള ഫോട്ടോകളും ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

## ഫീൽഡ് പരിശോധന വിശദംശങ്ങൾ

- വാർഡിലെ 10 ഭവന പദ്ധതികളിൽ നാല് വീടുകൾ മാത്രമാണ് പൂർത്തിയായത്
- മസ്റ്റർറോളുകൾ വീട്ടിൽ എത്തിച്ചാണ് ഒപ്പിട്ടിരുന്നത്
- എന്നാൽ എത്ര മസ്റ്റർ റോളുകൾ ലഭിച്ചിരുന്നുഎന്ന് ഗുണഭോക്താക്കൾക്ക് വ്യക്തമല്ല

## പ്രവർത്തികളുടെ വിശദംശങ്ങളിലേക്ക്

### 1. ചാനൽ നവീകരണം-IC/320511

**ഫയൽ**

- നിയമപ്രകാരംഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22രേഖകളിൽ ഭരണാനുമതി സാങ്കേതിക അനുമതി വിശദമായ എസ്റ്റിമേറ്റ് മെഷർമെന്റ് ബുക്ക് സൈറ്റ് ഡയറി എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്
- എ എംസി പ്രകാരമുള്ളകവർ പേജ് ഉണ്ടായിരുന്നില്ല
- ഫയൽ ടാക്കിങ് ഫോമിൽ പ്രോജക്ട് മീറ്റിംഗ് നടത്തിയതീയതി ഇല്ല
- 38278 നമ്പർ മസ്റ്റർ റോൾ പ്രിന്റിംഗ് തീയതിയായ 19/03/19 പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു
- 20980 ആം നമ്പർ മസ്റ്റർ റോൾ പ്രിന്റിംഗ് തീയതിയായ 27/12/18 ൽ പ്രവർത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു
- 17889 നമ്പർ മസ്റ്റർ റോളിൽ 25 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു
- മെറ്റീരിയൽ സംബന്ധിച്ച ബില്ലുകൾ ഉണ്ടായിരുന്നു
- പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോകളുണ്ടായിരുന്നു
- സൈറ്റ് ഡയറിയിലെ ചെക്ക് ലിസ്റ്റ് സാക്ഷ്യപ്പെടുത്തലുകളും രേഖപ്പെടുത്തലും പൂർണമായിരുന്നു

**ഫീൽഡ്**

- മെഷർമെൻ ബുക്ക് പ്രകാരം 720 മീറ്ററിൽ പ്രവർത്തി നടന്നതായി രേഖപ്പെടുത്തിക്കാണുന്നു

- ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ പ്രവർത്തി നടന്നിരിക്കുന്നതായി മനസ്സിലായി
- ചാനലിനെ ഇരുവശങ്ങളിലും മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ ചെടികൾ വെച്ചുപിടിപ്പിക്കുന്നത് ആയി കാണാൻ കഴിഞ്ഞു
- ഇരുകരകളിലും കയർഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

## 2. ഫലവൃക്ഷ ചെടി നടീലും പരിപാലനവും - DP/260961

**ഫയൽ**

- 38280 നമ്പർ മസ്റ്റർ റോളിൽപ്രിന്റിംഗ് തീയതിയായ 19/03/19 ൽ പ്രവൃത്തി തുടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു
- 13942 ആം നമ്പർ മസ്റ്റർ റോളിൽ 5 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകൾ പരിപാലിക്കപ്പെടുന്ന തായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 280തൈകൾ കാണാൻ കഴിഞ്ഞു
- പ്രവർത്തിയിൽ 282 ദിനങ്ങളിലായി 34002 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല

## 3. ഫാം പോണ്ട് നിർമ്മാണം-IF/370804

**ഫയൽ**

- ➢ സൈറ്റ് ഡയറി ഉണ്ടായിരുന്നു.
- ➢ തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

- ➢ മെഷർമെന്റ് ബുക്ക് പ്രകാരം 5 മീറ്റർ നീളവും 5 മീറ്റർ വീതിയും 3 മീറ്റർ ആഴം രേഖപ്പെടുത്തിയിരിക്കുന്നു
- ➢ ഫീൽഡ് തല പരിശോധനയിൽ 5 മീറ്റർ നീളം 5 മീറ്റർ വീതി 3 മീറ്റർ ആഴം വ്യക്തമായി കണക്കാക്കാൻ കഴിഞ്ഞു.
- ➢ പ്രവർത്തിയിൽ 10 തൊഴിൽ ദിനങ്ങളിലായി 7297 രൂപ ചെലവഴിച്ചിട്ടുണ്ട്.
- ➢ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് വിവരങ്ങൾ പൂർണമാണ്.

## 4. ഫാം പോണ്ട് നിർമ്മാണം-IF/295984

**ഫയൽ**

- ➢ ഫയൽ നീക്കം ടാകിംഗ് ഫോമിൽ സാക്ഷ്യപ്പെടുത്തലുകൾ പൂർണമാണ്.
- ➢ സൈറ്റ് ഡയറി ഉണ്ടായിരുന്നു.
- ➢ ചെക്ക് ലിസ്റ്റ് രേഖപ്പെടുത്തലുകൾ പൂർണമാണ്

- പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ ഫയലിൽ ഉണ്ടായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം അഞ്ച് മീറ്റർ നീളം 5 മീറ്റർ വീതി 3 മീറ്റർ ആഴം രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ അളവുകൾ കൃത്യമായി കണക്കാക്കാൻ സാധിച്ചു.
- കാർഷിക കുളം നല്ലരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.
- ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.വിവരങ്ങൾ പൂർണമാണ്

**5. ഫാം പോണ്ട് നിർമ്മാണം-IF/370699**

**ഫയൽ**

- സൈറ്റ് ഡയറിയിൽ പ്രവർത്തി തുടങ്ങിയ ദിവസം രേഖപ്പെടുത്തിയിട്ടില്ല
- മസ്റ്റർ റോളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.
- പ്രവർത്തിയുടെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകളുണ്ടായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം അഞ്ചു മീറ്റർ നീളം 5 മീറ്റർ വീതി 3 മീറ്റർ ആഴം രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടന്നിട്ടുള്ളതായി മനസ്സിലാക്കി

- കാർഷിക കുളത്തിലെ വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുള്ളത് കാണാൻ കഴിഞ്ഞു.
- 11 തൊഴിൽ ദിനങ്ങളിലായി പ്രവർത്തിയിൽ 7828 രൂപ ചെലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് വിവരങ്ങൾ പൂർണമാണ്.

**6. ഫലവൃക്ഷത്തൈ നടീലും പരിപാലനവും-DP/260961**

**ഫയൽ**

- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല . മസ്റ്റർറോളിൽ രേഖപ്പെടുത്തലുകൾ പൂർണമാണ്..
- ഫയല് ടാകിംഗ് ഫോമിൽ മതിയായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകൾ പരിപാലിക്കപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ 242 തൈകൾ പരിപാലിക്കപ്പെടുന്നതായി കാണാൻ കഴിഞ്ഞു.
- മണ്ണൊലിപ്പ് കാരണം മറ്റു തൈകൾ നഷ്ടമായിരിക്കുന്നു.
- പ്രവർത്തിയിൽ 22 തൊഴിൽ ദിനങ്ങളിലായി 19882 രൂപ ചെലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

7. **മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/338149**

**ഫയൽ**

- ഫയൽ ടാക്കിംഗ് ഫോമിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.
- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 125 മഴക്കുഴികൾ 6 വളക്കുഴി 275 തെങ്ങിൻ കുഴികൾ എന്ന് രേഖപ്പെടുത്തി കാണുന്നു
- ഫീൽഡ് തല പരിശോധനയിൽ 100 മഴക്കുഴികൾ 4 വളകുഴികൾ 200 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ സാധിച്ചു.
- ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച അവസ്ഥയിലാണ്.



- പ്രവർത്തിയിലൂടെ 396 തൊഴിൽ ദിനങ്ങളിലായി 107084 രൂപ ചെലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

**8. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/338909**

**ഫയൽ**

- ഫയൽ ട്രാക്കിംഗ് ഫോമിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.
- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.
- ഭൂവുടമകളുടെ കരം തീർത്ത രസീതും അപേക്ഷയും ഫയലിൽ ഉണ്ടായിരുന്നു.
- തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 80 മഴക്കുഴികൾ 4 വളകുഴികൾ 255 തെങ്ങിൻ കുഴികൾ എന്ന് രേഖപ്പെടുത്തി കാണുന്നു.
- സ്ഥല പരിശോധനയിൽ 42 മഴക്കുഴികൾ 2 വളകുഴികൾ 172 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.
- ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച അവസ്ഥയിലാണ്.
- പ്രവർത്തിയിൽ 315 തൊഴിൽ ദിനങ്ങളിലായി 86156 രൂപ ചെലവഴിച്ചിട്ടുണ്ട്.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

**9. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/337684**

**ഫയൽ**

- മസ്റ്റ് റോളുകളിൽ രേഖപ്പെടുത്തലുകൾ പൂർണമാണ്
- തൊഴിലാളികൾക്ക് ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 200 മഴക്കുഴികൾ 8 വളകുഴികൾ 400 തെങ്ങിൻ കുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് പരിശോധനയിൽ 163 മഴക്കുഴികൾ 3 വളകുഴികൾ 272 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.
- പ്രവർത്തിയിൽ 350 തൊഴിൽ ദിനങ്ങളിലായി 94517 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

**10. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/338907**

**ഫയൽ**

- സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല
- ഭൂവുടമകളുടെ കരം തീർത്ത രസീതും അപേക്ഷയും ഫയലിൽ കാണാൻ കഴിഞ്ഞു
- പ്രവർത്തിയുടെ ഫോട്ടോ ഉണ്ടായിരുന്നില്ല

**ഫീൽഡ്**

- മെഷർമെന്റ്ബുക്ക് പ്രകാരം 50 മഴക്കുഴികൾ 2 വളകുഴികൾ 60 തെങ്ങിൻ കുഴികൾഎന്നിവ രേഖപ്പെടുത്തി കാണുന്നു.
- സിൻഡ്രല്ല പരിശോധനയിൽ ഒരു പ്രവർത്തി സ്ഥലത്ത് 50 മഴക്കുഴികൾ 2 വളക്കുഴി 60 തെങ്ങിൻ കുഴികൾ കാണാൻ സാധിച്ചു.
- മണ്ണൊലിപ്പു കാരണം കുഴികൾ കൃത്യമായ അളവിൽ ഉണ്ടായിരുന്നില്ല.
- പ്രവർത്തിയിൽ 128 തൊഴിൽ ദിനങ്ങളിലായി 34978 രൂപ ചെലവഴിച്ചതായി കാണുന്നു.
- സിറ്റിസൺ ഇൻഫർമേഷൻബോർഡ് സ്ഥാപിച്ചിട്ടില്ല.

**11. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/337560**

**ഫയൽ**

- ഭൂവുടമകളുടെ കരം തീർത്ത രസീത് അപേക്ഷയും ഉണ്ടായിരുന്നു.
- മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു
- 32348 നമ്പർ മസ്റ്റർ റോളിൽ ഒമ്പത് പേർ തുടർച്ചയായി പ്രവർത്തിൽ ഹാജരാകാതിരുന്നതായി കാണുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 90 മഴക്കുഴികൾ 4 വളകുഴികൾ 250 തെങ്ങിൻ കുഴി കൾ എന്ന് രേഖപ്പെടുത്തി കാണുന്നു.

- ഫീൽഡ് തല പരിശോധനയിൽ 42 മഴകുഴികൾ 2 വളകുഴികൾ 112 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ സാധിച്ചു.
- ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാട് പിടിച്ച അവസ്ഥയിലാണ്.



- പ്രവർത്തിയിൽ 350 തൊഴിൽ ദിനങ്ങളിലായി 94517/- രൂപ ചിലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 12. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/337788

**ഫയൽ**

- ഫയൽ ടേക്കിങ് ഫോമിൽ മതിയായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു..

**ഫീൽഡ്**

- മെഷർ മെന്റ് ബുക്ക് പ്രകാരം 100 മഴ കുഴികൾ 5 വള കുഴികൾ 250 തെങ്ങിൻ കുഴികൾ എന്ന് രേഖപ്പെടുത്തി കാണുന്നു.
- ഫീൽഡ് തല പരിശോധനയിൽ 64 മഴക്കുഴികൾ 3 വള കുഴികൾ 142 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.
- പ്രവർത്തിയിൽ 440 തൊഴിൽ ദിനങ്ങളിലായി 120103/- രൂപ ചിലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

**13. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/338908**

**ഫയൽ**

- മസ്റ്റർ റോളിൽ 11 തൊഴിലാളികൾ പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഭൂ ഉടമകളുടെ കരം തീർത്ത രസീത് ഉണ്ടായിരുന്നു.
- ഫോട്ടോ ഉണ്ടായിരുന്നില്ല.

**ഫീൽഡ്.**

- മെഷർമെൻറ് ബുക്ക് പ്രകാരം 70 മഴക്കുഴികൾ 3 വള കുഴികൾ 200 തെങ്ങിൻ കുഴികൾ രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ 43 മഴക്കുഴികൾ 2 വള കുഴികൾ 129 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.

- പ്രവർത്തിയിൽ 288 തൊഴിൽ ദിനങ്ങളിലായി 78453 രൂപ ചെലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

**14. മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ-WC/340195**

**ഫയൽ**

- 7 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 50 മഴക്കുഴികൾ 2 വളക്കുഴി 60 തെങ്ങിൻ കുഴികൾ എന്ന് രേഖപ്പെടുത്തിരിക്കുന്നു.
- ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാട് പിടിച്ച അവസ്ഥയിലാണ്.



- പ്രവർത്തിയിൽ 145 പ്രവർത്തി ദിനങ്ങളിലായി 39462 രൂപ ചെലവഴിച്ചിട്ടുണ്ട്
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

## 15. ഫലവൃക്ഷ ചെടി നടീലും പരിപാലനവും-DP/274045

**ഫയൽ**

- ഫയൽ ടാക്കിംഗ് ഫോമിൽ പ്രൊജക്റ്റ് മീറ്റിംഗ് നടത്തിയ തീയതി ഇല്ല
- 5 തൊഴിലാളികൾ ഒരു പ്രവർത്തിയിലും ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഫല വൃക്ഷ തൈ നടുന്നതിനു ആവശ്യമായ സാധനങ്ങൾ വാങ്ങിയത് വൗച്ചറുകൾ ബില്ലുകൾ എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞു

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 300 തൈകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
- ഫീൽഡ് തല പരിശോധനയിൽ 235 തൈകൾ പരിപാലിക്കപ്പെടുന്ന ആയി കാണാൻ കഴിഞ്ഞു.
- മണ്ണൊലിപ്പ് കാരണം തൈകൾ നഷ്ടമായതായി വ്യക്തമായി.
- പ്രവർത്തിയിൽ 110 തൊഴിൽ ദിനങ്ങളിലായി 34002 രൂപ ചിലവഴിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

# പൊതുവായ കണ്ടെത്തലുകൾ

- A M C പ്രകാരമുള്ളകവർ പേജ് ഒരു ഫയലിലുംകാണാൻ കഴിഞ്ഞില്ല
- പരിശോധിച്ച 2 ഫയലുകളിൽ സൈറ്റ്ഡയറി കാണാൻ കഴിഞ്ഞു. മറ്റുപ്രവർത്തികൾ ഓൺ ഗോയിങ് ആയിരുന്നു.
- തൊഴിലാളികളുടെ ഡിമാൻഡ്ഫോം പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നില്ല
- ഭൂഉടമകളുടെ അപേക്ഷയും കരംതീർത്ത രസീതും ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- പരിശോധിച്ച മെഷര്മെന്റ്ബുക്കുകൾ എല്ലാം തന്നെ സെര്ടിഫൈ ചെയ്തിട്ടുണ്ട്.
- ഫയൽ ടാക്കിങ് ഫോം എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞു.
- മണ്ണ്ജല സംരക്ഷണ പ്രവർത്തികൾ നിർവഹണ ഏജൻസിയിൽ നിന്നുമുള്ള നിർദ്ദേശപ്രകാരം തന്നെ നടപ്പിലാക്കാൻ ശ്രെമിച്ചിട്ടുണ്ട് എന്ന് തൊഴിലാളികൾ വ്യക്തമാക്കുന്നുവെങ്കിലും ഭൂരിഭാഗവും കാട് പിടിച്ച നിലയിലാണ്.
- തൊഴിലാളികൾക്ക് ആവശ്യമായ പ്രഥമശുശ്രുഷകിറ്റ്, സുരക്ഷ സംവിധാനങ്ങൾ, തൊഴിലിട സൗകര്യങ്ങൾ എന്നിവ ലഭിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു.
- തൊഴിലിടങ്ങളിൽ ആവശ്യമായ സാധനസാമഗ്രികൾ മെറ്റിന്റെ കൈയിൽ നിന്നും പണംമുടക്കിയാണ് വാങ്ങുന്നത് എന്നാണ് അറിയാൻ സാധിച്ചത്.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ചബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

- നിയമാനുസൃതമായി ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതായ രേഖകൾ ഫയൽലിൽ ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- കൈയുറകൾ, കാലുറകൾ, പ്രഥമശുശ്രൂഷകിറ്റ്, തുടങ്ങിയ സുരക്ഷ ഉപകരണങ്ങൾ തൊഴിലാളികൾക്ക് അനുവദിച്ച നൽകേണ്ടതാണ്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കൃത്യമായി സ്ഥാപിക്കേണ്ടതും രേഖപ്പെടുത്തലുകൾ വ്യക്തമാക്കേണ്ടതാണ്.
- തൊഴിലിടെ സൌകര്യങ്ങൾ ഒരുക്കിനൽകേണ്ടതാണ്
- പ്രവർത്തികൾ മനസ്സിലാക്കി തെരഞ്ഞെടുക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമാണ്.
- ഭൂവികസനം പോലുള്ള പ്രവർത്തികൾ ഉടമയ്ക്ക് വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്
- വൃക്ഷത്തൈ ഉൽപ്പാദനം പോലുള്ള പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്

## ഗ്രാമസഭയുടെ പ്രത്യേക പരാമർശങ്ങൾ

- പ്രവർത്തികൾകാലാവസ്ഥയ്ക്കനുസരിച്ച് തെരഞ്ഞെടുക്കാത്തത് പ്രവർത്തിയുടെ നല്ല രീതിയിലുള്ള പ്രാവർത്തികമാക്കലിന് തടസ്സം ഉണ്ടാക്കുന്നു. അതിനാൽ കാലാവസ്ഥയ്ക്കനുസരിച്ച് പ്രവർത്തികൾ

ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് പൊതുവായ പരാമർശം ഉണ്ടായി

- നിർവഹണ ഏജൻസിയുടെ ഉദ്യോഗസ്ഥർ കൃത്യമായി പ്രവർത്തനം നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കേണ്ടതാണ് എന്ന പരാമർശം ഉണ്ടായി
- പ്രവർത്തി പൂർത്തീകരിച്ചു കഴിഞ്ഞ് വേതനം ലഭ്യമാകാൻ മാസങ്ങളുടെ കാലതാമസം നേരിടുന്നുണ്ട്
- മെറ്റീരിയൽ സംബന്ധമായ പ്രവർത്തികളിൽ വർഷങ്ങൾക്കുശേഷമാണ് തുക ലഭ്യമാക്കുന്നത് എന്ന പരാമർശവും ഉണ്ടായിട്ടുണ്ട്

റിപ്പോർട്ട് തയ്യാറാക്കിയത്,
BRP അനുശ്രീ
VRP വിനി. യു
VRP വിനിത വി അബ്രഹാം